# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: T1071**

**12.07.2016 - ൽ**
**മറുപടിക്ക്**

### തെങ്ങിൻതൈ നഴ്സറികൾ

**ചോദ്യം**
**ശ്രീ. ഇ.കെ.വിജയൻ**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

എ) കോഴിക്കോട് ജില്ലയിലെ വിത്തുതേങ്ങ സംഭരണ കേന്ദ്രങ്ങളിൽ ശേഖരിക്കുന്ന വിത്തുതേങ്ങ ഉപയോഗിച്ച് തെങ്ങിൻതൈ ഉല്പാദിപ്പിക്കുന്നത് നിലവിൽ ഏത് നഴ്സറിയിലാണെന്ന് വ്യക്തമാക്കാമോ;

എ) നിലവിൽ 2015-16 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ വിത്തുതേങ്ങകൾ താഴെപറയുന്ന കോക്കനട്ട് നഴ്സറികളിലേയ്ക്കാണ് വിതരണം ചെയ്തിരുന്നത്.

1. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം, വലിയതുറ എന്നീ കോക്കനട്ട് നഴ്സറികൾ.
2. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി.
3. പത്തനംതിട്ട ജില്ലയിലെ കരിമ്പ് വിത്തുല്പാദന കേന്ദ്രം.
4. കോട്ടയം ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, കോഴ.
5. ഇടുക്കി ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, അരീക്കുഴ.
6. എറണാകുളം ജില്ലയിലെ കോക്കനട്ട് നഴ്സറി, വൈറ്റില (മരട് മാർക്കറ്റ്).
7. മലപ്പുറം ജില്ലയിലെ കോക്കനട്ട് നഴ്സറി, പരപ്പനങ്ങാടി.
8. കോഴിക്കോട് ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, കൂത്താളി, കോക്കനട്ട് നഴ്സറി തിക്കൊടി.

ബി) ഇത്തരത്തിൽ സംഭരിക്കുന്ന വിത്തുതേങ്ങ ദൂരസ്ഥലങ്ങളിലെ നഴ്സറികളിൽ എത്തിക്കുന്നതിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

ബി) കോഴിക്കോട് ജില്ലയിൽ നിന്നും ശേഖരിക്കുന്ന ഗുണമേന്മയുള്ള വിത്തുതേങ്ങ സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും എത്തിക്കേണ്ടതുണ്ട്. വിത്തുതേങ്ങയായിട്ട് ട്രാൻസ്പോർട്ട് ചെയ്ത് സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കോക്കനട്ട് നഴ്സറികളിൽ / ഫാമുകളിൽ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതാണ് നിലവിലുള്ള രീതി. ഇതുമൂലം കൂടുതൽ വിത്തു തേങ്ങകൾ കൂടുതൽ സ്ഥലങ്ങളിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ എത്തിക്കാൻ സാധിക്കുന്നു. എന്നാൽ തെങ്ങിൻതൈകൾ ചെറിയ തോതിൽ ക്ലിപ്തം എണ്ണമേ ട്രാൻസ്പോർട്ട് ചെയ്യാൻ പറ്റുകയുള്ളൂ. തെങ്ങിൻ തൈകൾ ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ തൈകൾക്കുണ്ടാകുന്ന കേട്പാടുകൾ കൂടുതൽ ആയിരിക്കും. കോക്കനട്ട് നഴ്സറികൾ സ്ഥാപിക്കുന്നതിന് ചില പ്രത്യേക മാനദണ്ഡങ്ങളുണ്ട്. മണ്ണിന്റെ ഘടന, സ്വഭാവം, നീർവാർച്ച, ജലസേചന സൗകര്യം, ട്രാൻസ്പോർട്ടേഷൻ സൗകര്യം മുതലായ ഭൗതിക ഘടകങ്ങൾ കണക്കിലെടുക്കുന്നുണ്ട്.

| | | | |
|---|---|---|---|
| **സി)** | വിത്തുതേങ്ങ സംഭരിക്കുന്ന സ്ഥലങ്ങളിൽ തന്നെ തൈ ഉല്പാദിപ്പിക്കുന്ന നഴ്സറി ആരംഭിക്കുന്നത് തെങ്ങിൻ തൈയുടെ ആരോഗ്യവും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിന് സഹായകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **സി)** | കോഴിക്കോട് ജില്ല കൂടാതെ തൃശ്ശൂർ, മലപ്പുറം കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും വിത്തു തേങ്ങ സംഭരിക്കുന്നുണ്ട്. വിത്തുതേങ്ങ സംഭരിച്ച്, വിവിധ സ്ഥലങ്ങളിലെ നഴ്സറികളിൽ എത്തിച്ച് തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതുവഴി ഗുണമേന്മയുള്ള വിവിധ ഇനം തെങ്ങിൻതൈകൾ സംസ്ഥാനത്തെ എല്ലാ ഭാഗങ്ങളിലുമുള്ള കർഷകർക്ക് ലഭ്യമാകുന്നു. തെങ്ങിൻതൈകൾ വിദൂര സ്ഥലങ്ങളിലേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ തൈകൾക്കുണ്ടാകുന്ന കേടുപാടുകൾ മൂലമുള്ള നഷ്ടം ഒഴിവാക്കാൻ വിത്തുതേങ്ങയായിട്ട് തന്നെ ട്രാൻസ്പോർട്ട് ചെയ്യുന്നതുവഴി സാധിക്കുന്നു. ഇതു കൊണ്ട് അതാത് ജില്ലയിൽ തന്നെ പരമാവധി തെങ്ങിൻ തൈകൾ ലഭ്യമാക്കാൻ സാധിക്കുന്നു. |
| **ഡി)** | എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ നഴ്സറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ? | **ഡി)** | സംസ്ഥാനത്ത് ആവശ്യമുള്ള തെങ്ങിൻതൈകൾ നിലവിലുള്ള നഴ്സറികൾ / ഫാമുകൾ വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. |

Shajma

**സെക്ഷൻ ഓഫീസർ**